ഉത്തരം

(എ) 1991-ലെ ജനസംഖ്യാ കണക്ക് പ്രകാരം സംസ്ഥാനത്ത് 83,000-ൽ അധികം ആദിവാസി കുടുംബങ്ങളും 3,20,967 ആദിവാസികളും ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 22,052 ഭൂരഹിത ആദിവാസികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 1991-ലെ ജനസംഖ്യാ കണക്കുകൾ അനുസരിച്ച് ഏതാണ്ട് 4,082 സങ്കേതങ്ങളിലായാണ് ആദിവാസികൾ താമസിക്കുന്നത്.

(ഡി) എല്ലാവർക്കും ഇല്ല. പാരമ്പര്യമായി വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ താമസിച്ചു വരുന്ന ആദിവാസി കുടുംബങ്ങൾക്ക് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിലേക്കായി കൈവശരേഖ നൽകുന്നുണ്ട്.

(ഇ) ഓരോ കുടുംബത്തിന്റെയും കൈവശമുള്ള ഭൂമി ഏതാണെന്ന് അറിഞ്ഞതിനുശേഷമേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

ഇടുക്കി ജില്ലയിൽ ആദിവാസികൾക്ക് കൊടുത്ത ഭൂമി

118 [1804] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എം. മുരളി:
" വി. ബാലറാം:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആദിവാസികൾക്ക് കൊടുത്ത ഭൂമിയിൽ ആദിവാസികൾ അല്ലാത്തവർ പങ്കുകൃഷി നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർ എന്ന് വിശദീകരിക്കുമോ;

(സി) പങ്കുകൃഷിയുടെ പേരിൽ പ്രസ്തുത ഭൂമി ഇവർ തട്ടിയെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഭൂമി ആദിവാസികൾക്ക് തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആദിവാസികളല്ലാത്ത 9 ആൾക്കാർ 17 ആദിവാസികൾക്ക് കൊടുത്ത ഭൂമിയുടെ ഭാഗം പങ്കുകൃഷിക്കായി എടുത്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പങ്കുകൃഷി ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ആദിവാസികളെ സ്വയംപര്യാപ്തതയിലെത്തിക്കാൻ നടപടി

119 [1805] ശ്രീ. വർക്കല കഹാർ:
,, വി. ബാലറാം:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി വിതരണം ചെയ്യപ്പെട്ട ആദിവാസികൾക്ക് ജീവസന്ധാരണത്തിനാവശ്യമായ വരുമാനമുണ്ടാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതികളുടെ പ്രയോജനം എത്ര ആദിവാസികൾക്ക് കിട്ടും;

(സി) എത്ര കാലത്തിനുള്ളിൽ ആദിവാസികളെ സ്വയംപര്യാപ്തതയുള്ളവരാക്കി തീർക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വനഭൂമി ഇതുവരെ വിതരണം ചെയ്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) പരമാവധി വേഗത്തിൽ ആദിവാസികളെ സ്വയംപര്യാപ്തരാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly